# ഡയമണ്ട് സിമന്റ്
# ജനങ്ങൾ വളർത്തിയ ബ്രാൻഡ്

സിമന്റ് വിതരണക്കാരിൽ നിന്നും സിമന്റ് നിർമ്മാതാക്കളിലേക്ക് എത്തിയ വിജയഗാഥയാണ് തൃശൂർ തിരുവില്വാമല സ്വദേശിയായ തവക്കൽ ടി.കെ ഇസ്മയിലിനെയും മകൻ ജാഫർ സനലിനെയും വ്യത്യസ്തരാക്കുന്നത്.

ഇസ്മയിൽ തന്റെ കരിയർ ആരംഭിച്ചതു തന്നെ തമിഴ്നാട് ആന്ധ്ര, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നും സിമന്റ് വാങ്ങിച്ച് കേരളത്തിലെ വിവിധ ജില്ലകളിൽ വിതരണം ചെയ്തുകൊണ്ടാണ്. പ്രമുഖ സിമന്റ് ബ്രാൻഡുകളായ മലബാർ സിമന്റ്, ഡാൽമിയ, എസിസി, രാംകോ തുടങ്ങിയവയുടെയെല്ലാം കേരളത്തിലെ ഡീലറാണ് ഇസ്മായിൽ. ഇന്ന് ഈ ബിസിനസ് നോക്കി നടത്തുന്നത് അദ്ദേഹത്തിന്റെ സഹോദരൻ ടി.കെ ബഷീറിന്റെ മകൻ ടി.ബി ഷെഫീഖാണ്.

ഒരുപാട് ബ്രാൻഡുകൾ കേരളത്തിലങ്ങോളമിങ്ങോളം വിതരണം ചെയ്യുമ്പോഴും ഇസ്മായിലിന്റെ മനസിൽ സ്വന്തമായൊരു ബ്രാൻഡ് എന്ന സ്വപ്നം ഉണ്ടായിരുന്നു. അങ്ങനെയാണ് 2010 ൽ പാലക്കാട് കഞ്ചിക്കോട് വ്യാവസായിക മേഖലയിലുള്ള മലമ്പുഴ സിമന്റ്സ് ആൻഡ് കെമിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സിമന്റ് നിർമ്മാണ കമ്പനിയെ ടി.കെ ഇസ്മയിലും പി.യു ബഷീറും മുഹമ്മദ് ഷെരീഫും കൂടി ഏറ്റെടുക്കുന്നത്. ഉപഭോക്താക്കൾക്കിടയിൽ വിശ്വാസ്യത നേടി അവർ തെരഞ്ഞെടുക്കുന്ന ബ്രാൻഡായി ഇന്ന് മാറിയിരിക്കുകയാണ് കമ്പനിയും ഉത്പന്നങ്ങളായ ഡയമണ്ട് സിമന്റും എംസിസി പ്രീമിയവും.

### വിൽപ്പനക്കാരിൽ നിന്നും ഉത്പാദകരിലേക്ക്

1993 ലാണ് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യാവസായിക മേഖലയിൽ മലമ്പുഴ സിമന്റ്സ് ആൻഡ് കെമിക്കൽസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ആരംഭം.

ഇസ്മായിൽ കമ്പനിയെ ഏറ്റെടുത്തതിനുശേഷം 2013 ൽ അദ്ദേഹം കമ്പനിയെ പൂർണമായും ഓട്ടോമൈസ്ഡും കംപ്യൂട്ടറൈസ്ഡുമാക്കി ഉത്പാദനം ആരംഭിച്ചു. അങ്ങനെയാണ് 2014 ൽ ഡയമണ്ട് സിമന്റ് എന്ന ബ്രാൻഡ് നെയിമിൽ കമ്പനി സിമന്റ് പുറത്തിറക്കുന്നത്. എംസിസി പ്രീമിയം എന്ന ബ്രാൻഡുകൂടി ഇപ്പോൾ കമ്പനി പുറത്തിറക്കുന്നുണ്ടെന്ന് കമ്പനിയുടെ സിഇഒ ജാഫർ സനൽ പറഞ്ഞു. പോർട് ലാൻഡ് പോസോലന സിമന്റാണ്(പിപിസി) കമ്പനി നിർമ്മിക്കുന്നത്.



**ടി.കെ ഇസ്മായിൽ**
മാനേജിംഗ് ഡയറക്ടർ മലമ്പുഴ സിമന്റ്സ് ആൻഡ് കെമിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ്

കമ്പനിയുടെ എംഡി ടി.കെ ഇസ്മായിലാണ്. കമ്പനിയിൽ പങ്കാളിത്തംകൂടിയുള്ള മുഹമ്മദ് ബഷീറാണ് ചെയർമാൻ , ടി.ഐ ജാഫർ സനലാണ് സിഇഒയും എക്സിക്യൂട്ടീവ് ഡയറക്ടറും. ഇദ്ദേഹത്തിന്റെ സഹോദരൻ അബ്ദുൾ സലീമും കമ്പനിയുടെ ഡയറക്ടറാണ്.

ആദ്യ കാലങ്ങളിൽ ഒരു ദിവസം മൂന്നു ലോഡ് സിമന്റ് മാത്രം ഉത്പാദിപ്പിച്ചിരുന്ന ഫാക്ടറി പൂർണമായും ഓട്ടമൈസ്ഡ് ആക്കിയതോടെ ഉത്പാദനശേഷി ഒരു ദിവസം 40 ലോഡിലേക്ക് ഉയർന്നു എന്ന് ജാഫർ സനൽ പറയുന്നു. മുംബൈ, ഡൽഹി, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നുമാണ് മെഷീനറികളെല്ലാം വാങ്ങിച്ചത്.പ്ലാന്റും മെഷീനറിയും സ്ഥാപിച്ചത് ബാംഗളൂരുവിലുള്ള മൂവേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡും കോയമ്പത്തൂരുള്ള ആരോമൻ എഞ്ചിനീയറിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡും ചേർന്നാണ്.

## ഗുണമേൻമയാണ് മുഖമുദ്ര

തങ്ങളുടെ ഉത്പന്നത്തിന്റെ മുഖമുദ്ര ഗുണമേൻമ മാത്രമാണെന്നാണ് ജാഫർ സനലിന്റെ അഭിപ്രായം. ആ ഗുണമേൻമയിലുള്ള വിശ്വാസം തെളിയക്കുന്നതാണ് വീണ്ടും വീണ്ടും ഞങ്ങളെ തേടിയെത്തുന്ന ഉപഭോക്താക്കൾ.

കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം, കണ്ണൂർ, ഇടുക്കി, എന്നിവിടങ്ങളിലാണ് പ്രധാനമായും ഉത്പന്നങ്ങൾ വിറ്റഴിക്കുന്നത്. ഡീലർമാർ വഴിയാണ് വിതരണം. കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നിവിടങ്ങളിലെ വിപണി കൂടുതൽ ശക്തമാക്കാൻ ഒരുങ്ങുകയാണ്. വീണ്ടും വീണ്ടും വരുന്ന ഉപഭോക്താക്കളാണ് ഞങ്ങളുടെ ശക്തി. തമിഴ്നാട്ടിലേക്കു കൂടി ഡയമണ്ട് സിമന്റിന്റെ വിതരണം



നടത്താനുള്ള തയ്യാറെടുപ്പിലാണ് കമ്പനിയെന്ന് ജാഫർ സനൽ പറയുന്നു.

കമ്പനിക്ക് വേണ്ടി ജോലിക്കാരായി 80 പേരുണ്ട്. ഇതിനു പുറമേ നേരിട്ടല്ലെങ്കിലും കമ്പനിയുടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന 50 ജോലിക്കാർ വേറെയുമുണ്ട്. ഉയർന്ന ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കൾ ബംഗളുരു, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഗുജറാത്ത്, മുംബൈ എന്നിവിടങ്ങളിൽ നിന്നുമാണ് ശേഖരിക്കുന്നത്.



**ടി.ഐ ജാഫർ സനൽ**
**സിഇഒ, എക്സിക്യൂട്ടീവ് ഡയറക്ടർ**



**മുഹമ്മദ് ബഷീർ**
**ചെയർമാൻ**

വിപണി വലുതാക്കുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങളും ഇതോടൊപ്പം തന്നെയുണ്ട്.

കഴിഞ്ഞ വർഷം കമ്പനിയുടെ ടോണോവർ 23 കോടിരൂപ യായിരുന്നു. ജിഎസ്ടി, നോട്ട് നിരോധനം എന്നിവ വിപണിയെ വലിയതോതിൽ ബാധിച്ചുണ്ട്. എങ്കിലും വരും വർഷവും മികച്ച ടോണോവർ തങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെന്നും ജാഫർ സനൽ പറഞ്ഞു.

## പുതിയ പ്ലാന്റ്

പാലക്കാടുതന്നെ പുതിയ പ്ലാന്റ് ആരംഭിക്കാനുള്ള ഒരുക്കത്തിലാണിവർ. സയാൻ സിമന്റ് (ദമൃമമി ഇലാലേ ജേ ഘലാള)പ്രൈവറ്റ് ലിമിറ്റഡ് എന്നതാണ് പുതിയ പ്ലാന്റിന്റെ പേര്. ഒരു വർഷത്തിനുള്ളിൽ പുതിയ പ്ലാന്റിൽ സിമന്റ് നിർമാണം ആരംഭിക്കും. ഉത്പാദനം കൂട്ടുക,





## ഡയമണ്ട് (പിപിസി) സിമന്റിന്റെ ഗുണങ്ങൾ

- കോൺക്രീറ്റിന്റെ സ്ലംപ് ലോസ് കുറയ്ക്കുന്നു.
- ഉപരിതലത്തിൽ വെള്ളം അധികം കെട്ടി നിൽക്കുന്നത് കുറച്ചിട്ട് കോൺക്രീറ്റിന്റെ ഈട് വർധിപ്പിക്കുന്നു.
- കോൺക്രീറ്റ് സെറ്റാകാൻ കുറച്ചധികം സമയം ആവശ്യമാണ് അതുകൊണ്ടു തന്നെ തൊഴിലാളികൾക്ക് നല്ല ഫിനിഷിംഗോടെ ജോലികൾ തീർക്കാൻ സാധിക്കും.
- നോൺ കൊറോസീവായതിനാൽ സിമന്റിനൊപ്പം വരുന്ന സ്റ്റീൽ പെട്ടന്ന് തുരുമ്പു പിടിക്കില്ല
- ഒപിസിയെക്കാൾ കുടുതലളവുണ്ടാകും
- ഭിത്തിയിലും കോൺക്രീറ്റിലും വിള്ളലുണ്ടാകില്ല എന്നിവയെല്ലാം ഡയമണ്ട് പിപിസിയുടെ നേട്ടങ്ങളാണ്.

